(സി) ചെലവഴിച്ച തുകയുടെ പൂർണ്ണ വിശദാംശങ്ങൾ ഇനം തിരിച്ച് നഗര സഭകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ഡി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ 2001-02-ൽ 1,225 ലക്ഷം രൂപയും 2002-03-ൽ 972 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) 2001-02, 2002-03 വർഷങ്ങളിൽ 1997 ലക്ഷം രൂപ അനുവദിച്ചു. അതിൽ 1152.40 ലക്ഷം രൂപ നഗരസഭകൾ ചെലവഴിക്കയുണ്ടായി. വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(എഫ്) ഓരോ നഗരപ്രദേശത്തും നടപ്പിലാക്കുന്ന ചേരിവികസന പരിപാടികൾ അതാത് പ്രദേശങ്ങളിലെ സി.ഡി.എസ്. സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിവരുന്നത്. മുൻഗണനാക്രമത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി നഗരസഭാ കൗൺസിൽ, കുടുംബശ്രീ എന്നിവയുടെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കുന്നു. ട്രഷറി നിയന്ത്രണം ചിലപ്പോൾ തടസ്സം വരുത്താറുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ട്രഷറി നിയന്ത്രണത്തിൽനിന്നും ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് വാങ്ങി ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

കുടുംബശ്രീ പദ്ധതിയുടെ പുരോഗതി

101 [5246] ഡോ. തോമസ് ഐസക്:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
,, ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നാണ് നടപ്പിലാക്കിയത്; ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം എത്ര അയൽക്കൂട്ടങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വനിതകളെ എപ്രകാരമാണ് ഈ പദ്ധതിയിലേക്ക് കൊണ്ട് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സ്ത്രീകളുടെ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കുടുംബശ്രീ പദ്ധതി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് രാജ്യത്തിനാകമാനം മാതൃകയാണെന്ന് ദേശീയ പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ 2003-2006-ലെ വാർഷിക പദ്ധതി ചർച്ചയിൽ പ്രകീർത്തിച്ചിട്ടുണ്ട്. കൂടാതെ ദേശീയ തലത്തിൽ നടപ്പാക്കുന്ന ഇരുപത് മികച്ച പ്രവർത്തന മാതൃകകളിൽ ഒന്നായി കുടുംബശ്രീയെ യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി.) തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കുടുംബശ്രീ പദ്ധതി 1998 നവംബർ 18-ാം തീയതിയാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പ്രവർത്തനം ആരംഭിച്ച ശേഷം നഗരപ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും തുടർന്ന് ഗ്രാമപഞ്ചായത്തുകളിൽ ടി പദ്ധതിയുടെ വ്യാപനം മൂന്നു ഘട്ടങ്ങളായി നടപ്പാക്കുകയുണ്ടായി. ആദ്യഘട്ടമായി 362 ഗ്രാമപഞ്ചായത്തുകളിലും രണ്ടാം ഘട്ടമായി 2001 നവംബറിൽ 338 ഗ്രാമപഞ്ചായത്തുകളിലും 2002 മാർച്ചിൽ 291 ഗ്രാമപഞ്ചായത്തുകളിൽ 3-ാം ഘട്ടമായും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു.

(സി) 1,20,125 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇവ എല്ലാ ആഴ്ചകളിലും പ്രതിവാര യോഗങ്ങളുടെ ഭാഗമായി വിളിച്ചു ചേർക്കാറുണ്ട്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ദരിദ്ര കുടുംബങ്ങളിലെ വനിതകൾക്കാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വം നൽകുന്നത്.

(ഇ) കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിച്ചത് വിവിധ ഘട്ടങ്ങളിലായിട്ടാണ്. ഗ്രാമപഞ്ചായത്തുകളിലെ വ്യാപനം പൂർത്തിയായത് 2002-03 സാമ്പത്തിക വർഷത്തിൽ മാത്രമാണ്. സാമൂഹ്യാധിഷ്ഠിത സംഘടനാപ്രവർത്തനത്തിലൂടെ വിവിധ പരിശീലന നടപടികൾ പൂർത്തിയാക്കി വരുന്നു. ഈ ഘട്ടത്തിൽ വിശദമായ ഒരു വിലയിരുത്തലിന് സമയമായിട്ടില്ലാത്തതിനാൽ പഠനം നടത്തിയിട്ടില്ല.

പെർഫോമൻസ് ഓഡിറ്റു വിഭാഗത്തിന്റെ രൂപീകരണ ലക്ഷ്യവും ചുമതലകളും

102 [5247] ശ്രീ. എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ചിരിക്കുന്ന പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ലക്ഷ്യവും ചുമതലകളും എന്തൊക്കെ ആണെന്ന് വിശദമാക്കുമോ;

(ബി) പെർഫോമൻസ് ഓഡിറ്റിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളിൻമേൽ എന്തൊക്കെ നിയമ നടപടികൾ സ്വീകരിക്കാനുള്ള അധികാരം ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly